പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1494      06.03.2018-ലെ മറുപടിക്ക്

## റാന്നി വഴി കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചത് എന്നാണ്; ഇവിടെ ഇപ്പോൾ നിലവിൽ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്നും അവയുടെ റൂട്ടുകൾ സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | 15.12.2013-ൽ ആണ് റാന്നി ഓപ്പറേറ്റിംഗ് സെന്റർ നിലവിൽ വന്നത്. കെ.എസ്.ആർ.ടി.സി 18-ഉം, കെ.യു.ആർ.ടി.സി 2-ഉം ഉൾപ്പെടെ 20 ഷെഡ്യൂളുകളാണ് ഉള്ളത്. ആകെ 21 ബസുകൾ ഈ ഓപ്പറേറ്റിംഗ് സെന്ററിൽ ഉണ്ട്. ഷെഡ്യൂൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | അന്തർ സംസ്ഥാന സർവ്വീസുകൾ ഇവിടെ നിന്നും ഉണ്ടോ; | (ബി) | ഇല്ല. |
| (സി) | നിരവധിയാളുകൾ വിദ്യാഭ്യാസത്തിനും ജോലിയ്ക്കും ബിസിനസ് ആവശ്യങ്ങൾക്കും മറ്റു സംസ്ഥാനങ്ങളിൽ ഇവിടെ നിന്നും പോകുന്ന സാഹചര്യത്തിൽ എന്തുകൊണ്ടാണ് അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കാത്തത്; | (സി) യും (ഡി) യും (ഇ) യും | അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നത്. നിലവിൽ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാൽ റാന്നി ഡിപ്പോയിൽ നിന്നും അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല. |
| (ഡി) | റാന്നിയിൽ നിന്നും മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേക്കും ചെന്നൈയിലേക്കും ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (ഇ) | മറ്റു സ്ഥലങ്ങളിൽ നിന്നുമുള്ള അന്തർ സംസ്ഥാന സർവ്വീസ് ബസുകളെല്ലാം എം.സി. റോഡിലൂടെയും നാഷണൽ ഹൈവേകളിൽ കൂടിയും സർവ്വീസ് നടത്തുന്ന സാഹചര്യത്തിൽ മലയോര മേഖലയ്ക്കു കൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ചില അന്തർ സംസ്ഥാന സർവ്വീസുകൾ റാന്നിയിലൂടെ റൂട്ടുമാറ്റി വിടാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1494 (എ) പിരിവിന്റെ അനുബന്ധം.**

| ക്രമ നം. | ഷെഡ്യൂൾ | തരം | റൂട്ട് |
|---|---|---|---|
| 1 | 03.45 തൃശ്ശൂർ | ഫാസ്റ്റ് പാസഞ്ചർ | റാന്നി-തൃശ്ശൂർ-അടൂർ-റാന്നി |
| 2 | 04.30 AIMS | ഫാസ്റ്റ് പാസഞ്ചർ | റാന്നി-AIMS-തൃശ്ശൂർ-റാന്നി |
| 3 | 05.10 മുണ്ടക്കയം | ഫാസ്റ്റ് പാസഞ്ചർ | റാന്നി-മുണ്ടക്കയം-തിരുവനന്തപുരം-റാന്നി |
| 4 | 05.10 തിരുവനന്തപുരം | ഫാസ്റ്റ് പാസഞ്ചർ | റാന്നി-പുനലൂർ-തിരുവനന്തപുരം-റാന്നി-കൊട്ടാരക്കര-തിരുവനന്തപുരം-റാന്നി |
| 5 | 19.10 ആങ്ങമൂഴി | ഫാസ്റ്റ് പാസഞ്ചർ | ആങ്ങമൂഴി-എറണാകുളം-റാന്നി |
| 6 | 06.45 കുടിയാൻമല | ഫാസ്റ്റ് പാസഞ്ചർ | റാന്നി-പാലാ-അങ്കമാലി-തൃശ്ശൂർ-കോഴിക്കോട്-കണ്ണൂർ-ലിപ്പറമ്പ്-കുടിയാൻമല |
| 7 | 06.10 പെരുന്തേനരുവി | ഓർഡിനറി | പെരുന്തേനരുവി-70 ഏക്കർ-അത്തിക്കയം-വടശ്ശേരിക്കര |
| 8 | 06.50 വലിയകാവ് | ഓർഡിനറി | വലിയകാവ്-ചങ്ങനാശ്ശേരി-മണ്ണടിശ്ശാല-എരുമേലി |
| 9 | 07.00 നവോദയ | ഓർഡിനറി | വെച്ചൂച്ചിറ-നവോദയ-മണ്ണടിശ്ശാല |
| 10 | 07.00 പെരുന്തേനരുവി | ഓർഡിനറി | പെരുന്തേനരുവി-വലിയകാവ്-കോട്ടയം-പത്തനംതിട്ട |
| 11 | 07.25 മുക്കൂട്ടുതറ | ഓർഡിനറി | മുക്കൂട്ടുതറ-വെച്ചൂച്ചിറ-മണ്ണടിശ്ശാല-കോഴഞ്ചേരി |
| 12 | 07.40 പത്തനംതിട്ട | ഓർഡിനറി | പത്തനംതിട്ട-വാകമുക്ക്-വെച്ചൂച്ചിറ-എരുമേലി-അത്തിക്കയം-കടമുരുട്ടി-പെരുന്തേനരുവി-വലിയകാവ് |
| 13 | 08.10 തിരുവല്ല | ഓർഡിനറി | ഇടപ്പാവൂർ-കോഴഞ്ചേരി-തിരുവല്ല-അത്തിക്കയം-വെച്ചൂച്ചിറ-വലിയകാവ്-മുക്കം |
| 14 | 09.10 തിരുവല്ല | ഓർഡിനറി | കീക്കൊഴൂർ-കോഴഞ്ചേരി-തിരുവല്ല-തടിയൂർ-പൂവൻമല-റാന്നി-വെച്ചൂച്ചിറ-നവോദയ-മണ്ണടിശ്ശാല |
| 15 | 05.45 കോട്ടയം | നോൺ എ.സി | കീക്കൊഴൂർ-കോഴഞ്ചേരി-കോട്ടയം-കൊടുങ്ങൂർ-മണിമല-റാന്നി-കറുകച്ചാൽ-ചങ്ങനാശ്ശേരി-പത്തനംതിട്ട |
| 16 | 06.35 മണ്ണാറശ്ശാല | നോൺ എ.സി | ചെറുകോൽപ്പുഴ-കോഴഞ്ചേരി-എടത്വ-ഹരിപ്പാട്-മണ്ണാറശ്ശാല-ചങ്ങനാശ്ശേരി-പത്തനംതിട്ട |
| 17 | 05.40 കോട്ടയം ചെയിൻ | ഓർഡിനറി | മണിമല-കറുകച്ചാൽ-പാമ്പാടി |
| 18 | 06.10 കോട്ടയം ചെയിൻ | ഓർഡിനറി | മണിമല-കറുകച്ചാൽ-പാമ്പാടി |
| 19 | 06.40 കോട്ടയം ചെയിൻ | ഓർഡിനറി | മണിമല-കറുകച്ചാൽ-പാമ്പാടി |
| 20 | 07.10 കോട്ടയം ചെയിൻ | ഓർഡിനറി | മണിമല-കറുകച്ചാൽ-പാമ്പാടി |

സെക്ഷൻ ഓഫീസർ